**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ബഡ്സ് സ്കൂൾ/സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരുടെ യോഗ്യത - പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ - സബ്സി ഡി ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ - കൂടുതൽ ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**സ.ഉ(സാധാ) നം.1716 /2018 /തസ്വഭവ** തീയതി, തിരുവനന്തപുരം**25.06.2018**

---

പരാമർശം :- 1) പഞ്ചായത്ത് ഡയറക്ടറുടെ 15/ 12/ 17 ലെ ജെ8-3855117 നമ്പർ കത്ത്

2) കുടുംബ ശ്രീ ഡയറക്ടറുടെ 01/ 02/ 18 ലെ 4112/ സി/ 2012/ കെ.എസ്.എച്ച്.ഒ നമ്പർ കത്ത്

3) സ.ഉ(കൈ) നം 22/ 2018/ തസ്വഭവ തീയതി 14/ 2/ 2018

4) നഗരകാര്യ ഡയറക്ടറുടെ 27/ 02/ 18 ലെ ഡിസി 4-35522/ 17 നമ്പർ കത്ത്

5) 23.05.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനം നമ്പർ 2.1 (**ഖണ്ഡിക 4.68** )

## ഉത്തരവ്

പരാമർശം (3) ലെ സർക്കാർ ഉത്തരവ് പ്രകാരം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ ബഡ്സ് സ്കൂളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ യോഗ്യത നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ ഡിപ്ലോമ ഇൻ കമ്മ്യൂണിറ്റി ബെയ്സ്ഡ് റിഹാബിലിറ്റേഷൻ (DCBR ഏക വർഷ കോഴ്സ്)എന്ന കോഴ്സ് ഉൾപ്പെടുത്തിയിട്ടില്ല. ബഡ്സ് സ്കൂളിൽ /സ്പെഷ്യൽ സ്കൂളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ യോഗ്യതയിൽ DCBR പാസായവരെക്കൂടി ഉൾപ്പെടുത്തണമെന്ന് പഞ്ചായത്ത് ഡയറക്ടർ,കുടുംബ ശ്രീ ഡയറക്ടർ,നഗരകാര്യ ഡയറക്ടർ എന്നിവർ യഥാക്രമം പരാമർശം (1),(2),(4) കത്തുകൾ പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

2) ഇക്കാര്യം 23.05.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി പരിശോധിച്ചു. ടി സമിതിയുടെ 2.1 (ഖണ്ഡിക 4.68 ) തീരുമാന പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ബഡ്സ് സ്കൂൾ/സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകർക്കുള്ള യോഗ്യതയിൽ ഡിപ്ലോമ ഇൻ കമ്മ്യൂണിറ്റി ബെയ്സ്ഡ് റിഹാബിലിറ്റേഷൻ (DCBR ഏക വർഷ കോഴ്സ്)പാസായവരെക്കൂടി ഉൾപ്പെടുത്തുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

3) പരാമർശം (3) ലെ മാർഗ്ഗരേഖാ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**പാറ്റ്സി സ്റ്റീഫൻ**
**ഗവ.ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും-ഗ്രാമവികസന കമ്മീഷണർ മുഖേന

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**പകർപ്പ്:**-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ് ന്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

**ഉത്തരവിൻ പ്രകാരം**

Sradadevi

**സെക്ഷൻ ഓഫീസർ.**